# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3304 23.06.2014-ൽ മറുപടിയ്ക്ക്

## വിവരാവകാശ നിയമം നടപ്പിലാക്കുന്നതിൽ വീഴ്ച

| | ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വിവരാവകാശ നിയമം നടപ്പിലാക്കുന്നതിൽ പല ഉദ്യോഗസ്ഥരും വീഴ്ച വരുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (എ) | ചില ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ നിയമം പാലിക്കുന്നതിൽ ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്വ ബോധമുള്ളവരാക്കാൻ കമ്മീഷൻ സമർപ്പിക്കുന്ന ശുപാർശകൾ നടപ്പിലാക്കാറുണ്ടോ ; | (ബി) | വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷൻ സമർപ്പിക്കുന്ന ശുപാർശകളിന്മേൽ നിയമാനുസൃതമായ തുടർ നടപടികൾ സർക്കാർ എടുക്കാറുണ്ട്. |
| (സി) | വിവരാവകാശ അപേക്ഷകളിൽ കൈക്കൊണ്ട നിലപാട്, സംസ്ഥാന വിവരാവകാശ കമ്മീഷൻ ശിക്ഷിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന കമ്മീഷന്റെ ശുപാർശ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിന് നിയമത്തിൽ തന്നെ വ്യവസ്ഥകളുണ്ട്. ഇതു പ്രകാരം ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ പിഴയടക്കമുള്ള ശിക്ഷാ നടപടികൾ എടുത്തുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ വിവരാവകാശ കമ്മീഷന്റെ പ്രസ്തുത ശുപാർശയിന്മേൽ സർക്കാർ തീരുമാനമൊന്നുമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ